കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ജെയിംസ് തുർബർ

# അവസാനത്തെ പൂവ്



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

അവസാനത്തെ പൂവ്

അവസാനത്തെ പൂവ് ● ജെയിംസ് തുർബർ ● ആദ്യപരിഷത്പതിപ്പ് : മാർച്ച് 1991 ● രണ്ടാംപതിപ്പ് : സെപ്തംബർ 2000 ● പ്രസാധനം, വിതരണം: കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കൊച്ചി - 24 ● അച്ചടി : ജി കെ പ്രിന്റേഴ്സ്, കൊച്ചി-17 ● കവർ : കെ.സി. സണ്ണി ● വില : 12 രൂപ

Avasanathe Poovu ● Malayalam ● A Parable in Pictures ● James Thurber ● First Parishad Edition : March 1991 ● Second Parishad Edition : September 2000 ● Published and Distributed by : Kerala Sastra Sahitya Parishad, Kochi - 24 ● Printed at: G K Printers, Kochi-17 ● Cover : K. C. Sunny ● Price Rs. 12.00

KSSP 1014 IIE D 1/8 Sept '00 4K 1200 FT 437/91

# അവസാനത്തെ പൂവ്

## ജെയിംസ് തുർബർ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്



12–ാം ലോകയുദ്ധം, നിങ്ങൾക്കറിയാം.



ലോകസംസ്കാരത്തെ പാടേനശിപ്പിച്ചു.





നഗരങ്ങളും ഗ്രാമങ്ങളും ഭൂമുഖത്തുനിന്ന്
അപ്രത്യക്ഷമായി.



തോപ്പുകളും കാടുകളും.



എല്ലാ ഉദ്യാനങ്ങളും



എല്ലാ കലാവസ്തുക്കളും നശിപ്പിക്കപ്പെട്ടു.





ആണുങ്ങളും പെണ്ണുങ്ങളും
കുട്ടികളും മൃഗങ്ങളെക്കാൾ മോശമായി.



മോഹഭംഗംവന്ന, നിരാശരായ
നായ്ക്കൾ, അധഃപതിച്ച
യജമാനൻമാരെ വിട്ടുപോയി.



പണ്ട് ഭൂമി അടക്കിവാണിരുന്നവർ
മുയലുകളെപ്പോലും ഭയപ്പെട്ടു.



പുസ്തകങ്ങൾ, ചിത്രങ്ങൾ, പാട്ട് എല്ലാം
തിരോധാനം ചെയ്തു. മനുഷ്യജീവികൾ
വെറുതെയിരുന്നു. ഒന്നും ചെയ്യാതെ.





സംവത്സരങ്ങൾ കടന്നുപോയി.



മരിക്കാതെ ബാക്കിവന്ന ചില ജനറൽമാർ
കഴിഞ്ഞയുദ്ധത്തിൽ ആർ ജയിച്ചു
ആർ തോറ്റു എന്നതുപോലും മറന്നു.



ആൺകുട്ടികളും, പെൺകുട്ടികളും
പരസ്പരം തുറിച്ചുനോക്കി. ഒരു വികാരവും
കൂടാതെ, പ്രേമം ഭൂമിയിൽ നിന്നും
അപ്രത്യക്ഷമായിരുന്നു.



ഒരുനാൾ ഒരു പെൺകുട്ടി, ലോകത്തിൽ
അവശേഷിക്കുന്ന അവസാനത്തെപൂവ്
കണ്ടെത്തി. ആദ്യമായാണ് അവൾ പൂവ്
കാണുന്നത്.





അവൾ മറ്റു മനുഷ്യരോട് പറഞ്ഞു:
അവസാനത്തെ പൂവും ചാകാൻ
പോവുകയാണ്.



അവിടെ അലഞ്ഞുനടന്നിരുന്ന ഒരു
യുവാവു മാത്രമേ അവളുടെ വാക്കുകൾ
ശ്രദ്ധിച്ചുള്ളൂ.



യുവാവും യുവതിയും കൂടി ആ പൂവിനെ
ശുശ്രൂഷിച്ചു. അത് വീണ്ടും വളരുവാൻ തുടങ്ങി.



ഒരുനാൾ ഒരു തേനീച്ച സന്ദർശകനായി എത്തി.
ഒരു കൂരിയാറ്റപ്പക്ഷിയും.





അതാ രണ്ടുപൂക്കൾ, നാലുപൂക്കൾ,
നിരവധി പൂക്കൾ.



വീണ്ടും തോപ്പുകളും കാടുകളും ഉണ്ടായി.



യുവതിക്ക് അണിഞ്ഞൊരുങ്ങാൻ മോഹം തുടങ്ങി.



യുവതിയുടെ സ്പർശനം യുവാവിന് ആനന്ദം പകർന്നു.





ലോകത്തിൽ പ്രേമം പുനർജ്ജനിച്ചു.



അവരുടെ കുട്ടികൾ ശക്തരും
ആരോഗ്യവാൻമാരും ആയിരുന്നു.
ഓടാനും ചിരിക്കാനും അവർ പഠിച്ചു.



നായ്ക്കൾ മടങ്ങി വന്നു.



കല്ലിൻമേൽ കല്ലുവെച്ച് വീടുകെട്ടാമെന്ന്
യുവാവ് കണ്ടുപിടിച്ചു.





താമസമില്ല, എല്ലാവരും വീടുകൾ കെട്ടാൻ തുടങ്ങി.



ഗ്രാമങ്ങളും, പട്ടണങ്ങളും
നഗരങ്ങളും ഉയർന്നുവന്നു.



സംഗീതം വീണ്ടും പിറന്നു.



തയ്യൽക്കാരും ചെരുപ്പുകുത്തികളും



പാട്ടുകാരും ജാലവിദ്യക്കാരും



ചിത്രകാരൻമാരും കവികളും



പട്ടാളക്കാരും





കൊല്ലൻമാരും കൊത്തുവേലക്കാരും







ലഫ്റ്റനൻറുമാരും ക്യാപ്റ്റൻമാരും



ജനറൽമാരും മേജർജനറൽമാരും



വിമോചകരും ഒക്കെ ഉണ്ടായി.





ചിലർ ജീവിക്കാനായി ഒരു ഭാഗത്തേക്ക് പോയി.
മറ്റുചിലർ മറുഭാഗത്തേക്കും.



താമസിയാതെ താഴ്‌വരയിൽ പോയവർ കുന്നുംപുറത്തേക്ക്
പോകാമായിരുന്നു എന്ന് വിചാരിക്കാൻ തുടങ്ങി.



കുന്നുംപുറത്ത് പോയവർ
താഴ്‌വരയിൽ പോകാമായിരുന്നു എന്നും.



ദൈവത്തിന്റെ പേരിൽ വിമോചകർ
അതൃപ്തിയുടെ അഗ്നി ആളിക്കത്തിച്ചു.



ലോകം വീണ്ടും ഒരു യുദ്ധത്തിലേർപ്പെട്ടു.











ഇത്തവണ നാശം പൂർണമായിരുന്നു.



ഒന്നും അവശേഷിച്ചില്ല.





ഒരു ആണും



ഒരു പെണ്ണും



ഒരുപൂവും മാത്രം.